# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 184 09.03.2015-ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മാവോയിസ്റ്റ് ആക്രമണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ യുവാവ് വെടിയേറ്റു മരിച്ചത് മാവോയിസ്റ്റ് ആക്രമണത്തെത്തുടർന്നാണോ എന്ന് വ്യക്തമാക്കുമോ ; | (എ) പാലക്കാട് ജില്ലയിലെ അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ബെന്നി എന്ന യുവാവ് വെടിയേറ്റ് മരിച്ച സ്ഥലം മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള പ്രദേശമായതിനാൽ മാവോയിസ്റ്റുകളുടെ ആക്രമണം ആകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. അന്വേഷണം പൂർത്തിയായ ശേഷം മാത്രമേ ഇക്കാര്യത്തിൽ പൂർണ്ണമായും വ്യക്തത ഉണ്ടാവുകയുള്ളൂ. |
| ബി) ഇതു സംബന്ധിച്ച കേസ് അന്വേഷണം ഏതു ഘട്ടത്തിലാണ് ; | (ബി) ഇത് സംബന്ധിച്ച് പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ ക്രൈം 91/2015 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് അന്വേഷണാവസ്ഥയിലാണ്. |
| സി) പ്രതികളെ സംബന്ധിച്ച സൂചന ലഭ്യമായിട്ടുണ്ടോ ; | (സി) ഇല്ല. |
| ഡി) എത്ര പേരെ ചോദ്യം ചെയ്തു ; അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ? | (ഡി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട 45 ഓളം സാക്ഷികളെ ചോദ്യം ചെയ്തിട്ടുണ്ട്. കേസ് അന്വേഷണാവസ്ഥയിലാണ്. |

സെക്ഷൻ ഓഫീസർ